# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

(Reg. No. 01-14/87- Aff. No. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 2471087- Fax: 0471 2471087
email: keecintuchq@gmail.com
Web: www.keecintuc.com

PRESIDENT
K.P. DHANAPALAN M.P.

GENERAL SECRETARY
SIBYKUTTY FRANCIS


തിരുവനന്തപുരം
20.03.2014.

സ്വീകർത്താവ്

ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ്,
വൈദ്യുതി ഭവനം,
തിരുവനന്തപുരം.

സർ,

വിഷയം:- വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 12.03.2014 തീയതിയിലെ പരിപത്രം നമ്പർ പിഎസ്1/നൈറ്റ് ഡ്യൂട്ടി ഓഫ്/2013.

സൂചനയിൽ പറഞ്ഞിരിക്കുന്ന പരിപത്രത്തിൽ നൈറ്റ് ഡ്യൂട്ടി ചെയ്ത ജീവനക്കാരുടെ ഓഫ് സംബന്ധിച്ച വിശദീകരണത്തിൽ ഫാക്ടറീസ് ആക്ട് 1948 അനുസരിച്ച് നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ആളിന് തൊട്ടടുത്ത ദിനം പ്രവർത്തി ദിവസമാണോ അവധി ദിവസമാണോ എന്ന പരിഗണിക്കേണ്ടതില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്ക്മെൻ വിഭാഗത്തിന് ബാധകമാക്കിയിട്ടുള്ള 1996 സ്റ്റാഡിംഗ് ഓർഡർ പാരാ 22 പ്രകാരം -

"The Board shall subject to the provisions of the Factories 1948 or any other relevent law require any workmen to work over time and the workment so required to work overtime shall do so except when for reason to the satisfaction of the controlling officer, of his inability to perform such overtime work and wages shall be paid for the overtime work performed in accordance with for terms of settlement for award".

മേൽ ചട്ടപ്രകാരം രാവിലെ 8 മണിക്ക് ജോലിക്ക് കയറുന്ന തൊഴിലാളി അനുവദിക്കപ്പെട്ട ഡ്യൂട്ടി സമയം കഴിഞ്ഞിട്ട് നൈറ്റും കൂടി ചെയ്യുമ്പോൾ അയാൾ ഓവർടൈം വേജസിന് അർഹനാകുന്നു. എന്നാൽ മേൽ ചട്ടങ്ങൾക്ക് വിപരീതമായി ഇവിടെ ഓവർടൈം അലവൻസ് കൊടുക്കുന്നില്ല എന്നു മാത്രമല്ല അർഹതപ്പെട്ട നൈറ്റ് ഡ്യൂട്ടി ഓഫ് പോലും നിഷേധിക്കുന്ന തരത്തിലാണ് ബോർഡ്

ഉത്തരവ് ഇറക്കിയിരിക്കുന്നത്. മേൽ ഉത്തരവ് തൊഴിൽ നിയമനങ്ങളുടെയും ഇൻഡസ്ട്രിയൽ എംപ്ലോയിമെന്റ് ആക്ടിന് വിധേയമായി ഇറക്കിയിട്ടുള്ള സ്റ്റാൻഡിംഗ് ഓർഡർ 1996ന്റെയും ലംഘന മാണ്. "നൈറ്റ് ഡ്യൂട്ടി ഓഫിന്റെ കാര്യം വരുമ്പോൾ ഫാക്ടറീസ് ആക്ടും ഡ്യൂട്ടിയുടെ കാര്യം വരുമ്പോൾ സർക്കാർ നിയമവും" പരസ്പര വിരുദ്ധമായ തീരുമാനങ്ങളാണ് നടപ്പാക്കുന്നത്. ആയതിനാൽ ബോർഡ് മാനേജ്മെന്റ് ടി. പരിപത്രം പുന:പരിശോധിച്ച് നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ഫീൽഡ് ജീവനക്കാർക്ക് പിറ്റേ ദിവസം അവധിദിവസമാണെങ്കിൽ മറ്റൊരു ദിവസം ഡ്യൂട്ടി ഓഫ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ജനറേഷൻ), കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്.